بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 28.08.2020 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ-اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَۙ الرَّحْمٰنِ الرَّحِيْمِۙ مٰلِكِ يَوْمِ الدِّيْنِؕ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُؕ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَۙ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ۬ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയശേഷം ഹുസൂർ തിരുമനസ് (അയ്യദഹുല്ലാഹ്) പറഞ്ഞു; ഇക്കാലഘട്ടത്തിൽ അല്ലാഹു, തന്റെ വാഗ്ദാനമനുസരിച്ച് തിരുനബി(സ)ന്റെ ദാസത്വത്തിൽ കാലത്തിന്റെ ഇമാം വാഗ്ദത്ത മഹ്ദി മസീഹിനെ നീതിമാനായ വിധികർത്താവ് (ഹക്കമൻ അദ്‌ലൻ) ആയി അയച്ചിരിക്കുന്നു. ആ മഹാത്മാവാണ് മുഴുവൻ മുസ്‌ലിംകളേയും ഉമ്മത്തെ വാഹിദ (ഏകസമുദായം) ആക്കേണ്ടിയിരുന്നത്. ആയതിനാൽ ഇന്ന്, മുസ്‌ലിംകളിലെ ഏത് കക്ഷിയിൽപ്പെട്ട ആളുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ പ്രവേശിക്കുന്നുണ്ട്. എല്ലാ വർഷവും ലക്ഷക്കണക്കിന് ആളുകൾ അതിൽ ഉൾപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ചുരുക്കത്തിൽ വാഗ്ദത്ത മസീഹിന്റെ, അഥവാ നീതിമാനായ വിധികർത്താവിന്റെ ജമാഅത്ത് ഭിന്നതകളെ ഇല്ലാതാക്കുന്നതിന് വേണ്ടിയാണ് സ്ഥാപിതമായത്. തീർച്ചയായും നാം സത്യം പരത്തുന്നതിൽ നിന്നും സത്യം പറയുന്നതിൽ നിന്നും പിൻമാറുന്നതല്ല. നാം അതിനുവേണ്ടി ത്യാഗങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു.

ഇന്ന് നാം മുഹർറം മാസത്തിലൂടെയാണ് കടന്നുപോകുന്നത്. ഇത് ഇസ്‌ലാമിക കലണ്ടറിലെ ആദ്യത്തെ മാസമാണ്. ആംഗലേയവർഷം ആരംഭിക്കുമ്പോൾ പരസ്പരം ആശംസകൾ നേരുന്നു. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇസ്‌ലാമിക വർഷം ആരംഭിക്കുമ്പോൾ പല മുസ്‌ലിം രാജ്യങ്ങളിലും ചേരിതിരിവ് കാരണം കൊലപാതകങ്ങൾ നടക്കുന്നു.

ഇസ്‌ലാം ശാന്തിയുടെയും സമാധാത്തിന്റെയും ഉന്നതമായ അധ്യാപനങ്ങൾ നൽകുന്ന മതമാകുന്നു. എന്നിട്ടും അതിലെ വിശ്വാസികൾ അവരുടെ വർഷം ആരംഭിക്കുന്നത് കുഴപ്പങ്ങളും കൊലപാതകങ്ങളും നടത്തിക്കൊണ്ടാണ്. ഇവിടെ നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ചെയ്തികൾ മാറ്റേണ്ടിയിരിക്കുന്നു. എങ്ങനെ നമുക്ക് മുസ്‌ലിംകളെ ഏകസമുദായമാക്കി, കുഴപ്പങ്ങളും തീവ്രവാദവും ഇല്ലാതാക്കാമെന്ന് നോക്കേണ്ടിയിരിക്കുന്നു. നമ്മുടെ യജമാനർ ഹദ്റത്ത് ഖാത്തമുൽ അമ്പിയാഅ് മുഹമ്മദ് മുസ്തഫാ(സ), നുബൂവ്വത്തിന്റെ മാർഗത്തിൽ ഖിലാഫത്ത് (ഖിലാഫത്തുൽ അലാ മിൻഹാജിന്നുബുവ്വ) ഉണ്ടാകുമെന്ന് സുവാർത്ത നൽകിയിരിക്കുന്നു. അതിലൂടെ മുസ്‌ലിംകളുടെ പുരോഗതിയും ഐക്യവും ഒരു പ്രകാശമാനമാർഗമായി മാറുന്നതാണ്. ആയതിനാൽ ഇക്കാലഘട്ടത്തിൽ വിശുദ്ധ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും മനസ്സിലാകുന്ന അടയാളങ്ങൾ സാക്ഷാൽക്കരിക്കപ്പെടുന്ന കാലമാണ് ഇതെന്ന് സാഹചര്യങ്ങൾ പറഞ്ഞു തന്നുകൊണ്ടിരിക്കുമ്പോൾ, എന്തുകൊണ്ട് നാം നീതിമാനായ വിധികർത്താവിനെ, തിരുനബി(സ)ന്റെ സത്യദാസനെ അന്വേഷിക്കാതിരിക്കണം? അദ്ദേഹമാണ്, ശിയാ-സുന്നി വിവിധ കക്ഷികൾ, സരണികൾ എന്നിവയുടെ ഭിന്നതകളെ ഇല്ലാതാക്കി നാമെല്ലാവരെയുംഒരുമിപ്പിക്കേണ്ടത്.

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) പറയുന്നു: എന്റെ സ്ഥാനം പ്രവാചകന്മാരുടെ ചര്യകൾക്ക് അനുസൃതമാകുന്നു. എന്നെ വാനലോകത്തു നിന്നുള്ള ഒരാളാണെന്ന് മനസ്സിലാക്കുക. അങ്ങനെയായാൽ മുസ്‌ലിംകളിലുള്ള എല്ലാ വഴക്കുകളും സകല ശണ്ഠകളും ഒരു നിമിഷനേരം കൊണ്ട് പരിഹരിക്കാവുന്നതാണ്. എന്റെ അടുക്കൽ വരുവിൻ, ഞാൻ പറയുന്നത് ശ്രവിക്കുവിൻ, അങ്ങനെ നിങ്ങൾക്ക് സത്യം കാണാൻ കഴിയുന്നതാണ്. നിങ്ങൾ പ്രതീക്ഷിക്കുന്ന ഇമാം, ഞാൻ പറയുന്നു, അത് ഞാനാകുന്നു. അതിനുള്ള തെളിവ് എന്നിൽ നിന്ന് സ്വീകരിക്കുവിൻ.

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) ഖുലഫായെ റാശിദീന്റെ സ്ഥാനമാഹാത്മ്യത്തേയും ശ്രേഷ്ഠതയേയും വിവരിച്ചു കൊണ്ട് ഒരിടത്ത് പറയുന്നു:

ഏതുവരെ അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (റിള്‌വാനുല്ലാഹി അലയ്ഹിം) എന്നിവരുടെ വർണം ആർജിക്കുന്നില്ലയോ ആർക്കും മുഅ്മിൻ, മുസ്‌ലിം ആകാൻ കഴിയില്ലെന്ന് എനിക്ക് അറിയാം.ചുരുക്കത്തിൽ ഇവരെല്ലാം നമുക്ക് മാതൃകയാകുന്നു, അതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസം. ഈ വിശ്വാസം ഉള്ളപ്പോൾ അഹ്മദിയ്യാ ജമാഅത്ത് മാത്രമല്ലേ മുസ്‌ലിംകളുടെ ചേരിതിരിവ് അവസാനിപ്പിച്ച് അവരുടെ ഇടയിലുള്ള ഭിന്നത ഇല്ലാതാക്കി, അവർക്ക് ഐക്യം ഉണ്ടാക്കുന്ന ഏകജമാഅത്ത്?

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) ഹദ്റത്ത് അബൂബക്കർ(റ)ന്റെ സവിശേഷതകൾ വിവരിച്ച് കൊണ്ട് പറ

യുന്നു: സിദ്ദീഖ്, നബിയുടെ പ്രതിച്ഛായയായിരുന്നു. തിരുനബി(സ)ന്റെ സ്വഭാവത്തിന്റെ സ്വാധീനം അദ്ദേഹത്തിൽ ഉണ്ടായിരുന്നു. ഹൃദയം ദൃഢജ്ഞാനത്തിന്റെ പ്രകാശത്താൽ പൂരിതമായിരുന്നു. അതുകൊണ്ട് തന്നെ തിരുനബി(സ) നുശേഷം അദ്ദേഹം കാണിച്ച ധൈര്യത്തിനും സ്ഥൈര്യത്തിനും തത്തുല്ല്യമായത് കാണുക പ്രയാസമാണ്. അദ്ദേഹത്തിന്റെ ജീവിതം ഇസ്‌ലാമിക ജീവിതമായിരുന്നു. ഞാൻ സത്യമായും പറയുന്നു, അബൂബക്കർ സിദ്ദീഖ്(റ) ഇസ്‌ലാമിന് വേണ്ടി ആദമിന്റെ ദ്വിതീയനായിരുന്നു. ഞാൻ ദൃഢമായും വിശ്വസിക്കുന്നു, തിരുനബി(സ)നുശേഷം അബൂബക്കർ(റ)ന്റെ അസ്തിത്വം ഇല്ലായിരുന്നുവെങ്കിൽ ഇസ്‌ലാമും ഉണ്ടാകുമായിരുന്നില്ല.

ഇനി ഹദ്റത്ത് ഉമർ(റ)ന്റെ സവിശേഷതകളും സ്ഥാനവും വിവരിച്ചുകൊണ്ട് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ഒരിടത്ത് പറയുന്നു: ഹദ്റത്ത് ഉമർ(റ)ന്റെ സ്ഥാനം എത്രമാത്രം വലുതായിരുന്നുവെന്ന് അറിയാമോ? ചില സമയങ്ങളിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിന് അനുസൃതമായി വിശുദ്ധ ഖുർആൻ ഇറങ്ങിയിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച്, ശയ്ത്വാൻ ഉമറിന്റെ നിഴലിൽ നിന്നുപോലും ഓടിപോകുന്നു എന്നൊരു ഹദീസുണ്ട്. മറ്റൊരു ഹദീസിൽ എനിക്ക് ശേഷം ഒരു നബി ഉണ്ടെങ്കിൽ അത് ഉമർ ആയിരിക്കുമെന്നുമുണ്ട്. മൂന്നാമത്തെ ഹദീസ് ഇപ്രകാരമാണ്, മുൻകാല സമുദായങ്ങളിൽ മുഹദ്ദസ് (ദൈവഭാഷണമുള്ളവർ) ഉണ്ടായിരുന്നു. ഈ ഉമ്മത്തിൽ ഒരു മുഹദ്ദസ് ഉണ്ടെങ്കിൽ അത് ഉമർ ആകുന്നു.

തുടർന്ന് മറ്റൊരിടത്ത്, ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉസ്മാൻ എന്നിവരെ പരാമർശിച്ചുകൊണ്ട് പൊതുവായ നിലയിൽ അദ്ദേഹം പറയുന്നു: എന്റെ റബ്ബ് എനിക്ക് സിദ്ദീഖും, ഫാറൂഖും, ഉസ്മാനും (റളിയല്ലാഹു അൻഹും) സൽകർമികളും മുഅ്മിനും ആയിരുന്നുവെന്നും ജനങ്ങളിൽ നിന്നും അവരെ അല്ലാഹു തിരഞ്ഞെടുത്തിരുന്നുവെന്നും പരമകാരുണികനായ അല്ലാഹുവിന്റെ പ്രത്യേക ഔദാര്യങ്ങൾ അവർക്ക് നൽകപ്പെട്ടിരുന്നുവെന്നും വ്യക്തമാക്കിത്തന്നിരിക്കുന്നു. ചുരുക്കത്തിൽ ഇതാണ് വാഗ്ദത്ത മസീഹ്(അ) ഈ നാല് ഖലീഫമാരുടെ സ്ഥാന മാഹാത്മ്യത്തെ സംബന്ധിച്ച് നമുക്ക് നൽകിയ തിരിച്ചറിവ്. ഈ സ്ഥാനം, ഒരോ മുസ്‌ലിമും ഈ വരിഷ്ഠാത്മാക്കൾക്ക് നൽകുകയാണെങ്കിൽ അവർ യഥാർഥ മുസ്‌ലിംകളെന്ന് പറയപ്പെടുന്നതാണ്. പരസ്പരമുള്ള വഴക്കുകൾ അവസാനിപ്പിച്ച് ഏകസമുദായത്തിന്റെ ഭാഗമാകുന്നതുമാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഞാൻ പറഞ്ഞുവന്നതുപോലെ ഇപ്പോൾ നമ്മൾ മുഹർറം മാസത്തിലൂടെയാണ് കടന്നു പോകുന്നത്. നാളെയോ മറ്റന്നാളോ മുഹർറം പത്താണ്. അതിൽ ഹദ്റത്ത് ഹുസയ്ന്റെ ശഹാദത്തുമായി ബന്ധപ്പെട്ട് ശിയാക്കൾ തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കുന്നു. ഹദ്റത്ത് ഹുസയ്ൻ(റ)നെ ശഹീദാക്കിയത് തീർച്ചയായും ഒരു അക്രമപരമായ കാര്യമാകുന്നു. ശിയാക്കളുടെ പൊതുവിലുള്ള വികാരങ്ങൾ കാരണം നമ്മെ പറ്റിയും ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)നെ കുറിച്ചും മനസ്സിലാക്കപ്പെടുന്നത്, ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ഉം അദ്ദേഹത്തിന്റെ ജമാഅത്തും തിരുനബി(സ)ന്റെ കുടുംബത്തിന്റെ മാഹാത്മ്യം തിരിച്ചറിഞ്ഞിട്ടില്ല എന്നാണ്. ഈ തെറ്റിധാരണ ഇല്ലാതാകാൻ അഹ്മദിയ്യാ ജമാഅത്ത് എപ്പോഴും പരിശ്രമിച്ചു വന്നിട്ടുണ്ട്.

ഏതായിരുന്നാലും ഈ സമയത്ത് ഇതുമായി ബന്ധപ്പെട്ട ചില ഉദ്ധരണികൾ അദ്ദേഹത്തിന്റെ വീക്ഷണത്തിൽ തിരുനബി(സ)യുടെ കുടുംബത്തിന്റെ മാഹാത്മ്യവും അദ്ദേഹം ജമാഅത്തിന് നൽകിയ ഉപദേശവും ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ ലിഖിതങ്ങളുടേയും വചനങ്ങളുടേയും ഞാൻ കേൾപ്പിക്കുന്നതാണ്. ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) തന്റെ 'സിർറുൽ ഖിലാഫ എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് അലിയേയും കുടുംബത്തിനേയും തിരുനബി(സ)യുടെ കുടുംബത്തിനേയും സംബന്ധിച്ച് എഴുതിയിട്ടുണ്ട്.

ഹദ്റത്ത് അലി(റ)നെ സംബന്ധിച്ച് പറയുന്നു: അദ്ദേഹം അല്ലാഹുവിന്റെ സാമീപ്യമുള്ള ദാസന്മാരിൽപ്പെട്ട ആളുമായിരുന്നു. അതോടൊപ്പം ഫുർഖാൻ മജീദിന്റെ ദിവ്യജ്ഞാനാമൃതം നുകർന്ന പ്രഥമന്മാരിൽപെട്ട ആളുമായിരുന്നു. വിശുദ്ധ ഖുർആന്റെ ദിവ്യജ്ഞാനം അദ്ദേഹത്തിന് കരഗതമായിരുന്നു. അതിൽ ഒരുപാട് മുൻകടന്നിരുന്നു. ഞാൻ ജാഗ്രതാവസ്ഥയിൽ അദ്ദേഹത്തെ കണ്ടിരിക്കുന്നു. ഞാൻ അദ്ദേഹത്തെ, അതായത് ഹദ്റത്ത് അലിയെ സൃഷ്ടികളിൽ സമുചിതനും സ്വഭാവത്തിൽ ദൃഢതയും, വിനയവും താഴ്മയുമുള്ളവനും പ്രോജ്ജ്വലനും പ്രഭാമയനുമായി കണ്ടു. ഞാൻ ആണയിട്ടുകൊണ്ടു പറയുന്നു, അദ്ദേഹം എന്നെ സ്നേഹവാത്സല്യത്തോടെയാണ് കണ്ടത്. എന്നേയും എന്റെ വിശ്വാസങ്ങളേയും അദ്ദേഹത്തിന് അറിയാമെന്ന് എനിക്ക് മനസിലാക്കി തന്നിരിക്കുന്നു. എനിക്ക് എന്റെ സരണിയിലും ചിന്താധാരയിലും ശിയാക്കളുമായുള്ള ഭിന്നാഭിപ്രായവും അദ്ദേഹത്തിന് അറിയാമെന്ന് എനിക്ക് മനസ്സിലാക്കി തന്നിരിക്കുന്നു. പക്ഷേ അദ്ദേഹം ഒരുതരത്തിലുള്ള അനിഷ്ടമോ നീരസമോ പ്രകടിപ്പിച്ചില്ല. എന്നിൽ നിന്ന് വേറിട്ട് നിൽക്കാതെ അദ്ദേഹം ഞാനുമായി കൂടിക്കാഴ്ച്ച നടത്തി. ആത്മാർഥരായ അനുരക്തന്മാരെ പോലെ എന്നോട് സ്നേഹം പ്രകടിപ്പിച്ചു. സത്യഹൃദയത്തോടു കൂടി മമത പ്രകടിപ്പിക്കുന്നവരെ പോലെ അദ്ദേഹം സ്നേഹം പ്രകടമാക്കി. അദ്ദേഹത്തോടൊപ്പം ഹസനും ഹുസൈനും അതുപോലെ പ്രവാചക പ്രഭു ഖാത്തമുന്നബിയ്യീൻ(സ)ഉം ഉണ്ടായി

രുന്നു. അവരോടൊപ്പം വളരെ സുന്ദരിയും സൗശീലയും ഉന്നതപ്രതാപിയും അനുഗൃഹീതയും പരിശുദ്ധയും ആദരണീയയും കുലീനയും ആന്തരികവും ബാഹ്യവുമായ പ്രകാശ സ്വരൂപിയുമായ യുവമഹതിയും ഉണ്ടായിരുന്നു. അവർ അതീവ ദുഃഖിതയായി എനിക്ക് അനുഭവപ്പെട്ടു. പക്ഷേ അത് അവർ മറയ്ക്കുന്നുണ്ടായിരുന്നു. അത് ഹദ്റത്ത് ഫാത്വിമത്തുസ്സുഹ്റ(റ) ആണെന്ന് എനിക്ക് മനസിലാക്കി തന്നു. അവർ എന്റെ അടുത്തേക്ക് വന്നു. ഞാൻ കിടക്കുകയായിരുന്നു. അവർ ഇരുന്നു. അവർ എന്റെ ശിരസ് തന്റെ മടിയിൽ വച്ചു. വാത്സല്യം പ്രകടിപ്പിച്ചു. എന്റെ ഏതോ ദുഃഖം കാരണം അവർ ദുഃഖത്തിലും സങ്കടത്തിലുമാണെന്ന് ഞാൻ കണ്ടു. പറയുന്നു: മക്കളുടെ പ്രയാസത്തിൽ മാതാക്കൾക്കുണ്ടാകുന്ന തരത്തിൽ വാത്സല്യവും സ്നേഹവും അസ്വസ്ഥതയും അവർ പ്രകടിപ്പിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: തുടർന്ന് എന്നോട് പറയപ്പെട്ടു, ദീനീ സംബന്ധമായി അവരുടെ പക്കൽ, അതായത് ഹദ്റത്ത് ഫാത്വിമയുടെ പക്കൽ എന്റെ സ്ഥാനം ഒരു മകനെ പോലെയാകുന്നു. പിന്നെ ഹസനും ഹുസൈനും എന്റെ അടുക്കൽ വന്നു, സഹോദരനെപോലെ എന്നോട് സ്നേഹം പ്രകടിപ്പിച്ചു. സഹാനുഭൂതിയുള്ളവരെപോലെ ഞാനുമായി കൂടിക്കാഴ്ച നടത്തി. ഇത് ജാഗ്രതാവസ്ഥയിലുള്ള കശ്ഫ് ആയിരുന്നു. ഇപ്പോൾ ഇതിന് പല വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഞാൻ ഹദ്റത്ത് അലിയേയും അദ്ദേഹത്തിന്റെ രണ്ട് മക്കളേയും സ്നേഹിക്കുന്നു. അവരോട് ശത്രുതയുള്ളവരോട് ഞാൻ ശത്രുതയിലാകുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഞങ്ങൾക്ക് നഊദുബില്ലാഹ് തിരുനബി(സ)യുടെ കുടുംബത്തോട് സ്നേഹമില്ലെന്നും അതേക്കുറിച്ച് ജ്ഞാനമില്ലെന്നും എങ്ങനെയാണ് പറയാൻ കഴിയുക? ഒരിക്കൽ ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ), ഹദ്റത്ത് ഹുസൈൻ(റ)നെ സംബന്ധിച്ചു പറഞ്ഞു: ഹുസൈൻ (റ) പരിശുദ്ധനും പരിശുദ്ധീകരിക്കപ്പെട്ട ആളുമായിരുന്നു. തീർച്ചയായും അദ്ദേഹത്തെ അല്ലാഹു തന്റെ സ്നേഹം കൊണ്ട് പരിലിപ്തനാക്കുകയും ചെയ്തിരിക്കുന്നു. നിസ്സംശയം അദ്ദേഹം സ്വർഗീയരുടെ നേതാക്കളിൽപ്പെടുന്നു. അദ്ദേഹത്തോട് അണുഅളവെങ്കിലും വിദ്വേഷം പുലർത്തുന്നത് വിശ്വാസത്തെ വിനഷ്ടമാക്കുന്നതാണ്. ആ ഇമാമിന്റെ ഭയഭക്തിയും ദൈവാനുരാഗവും സഹനവും സ്ഥൈര്യവും പവിത്രതയും ആരാധനകളും നമുക്ക് ഉത്തമ മാതൃകയാകുന്നു, നാം ആ നിഷ്കളങ്കന് ലഭ്യമായ സൻമാർഗത്തെ പിൻപറ്റുന്നവരാകുന്നു. അദ്ദേഹത്തോടുള്ള സ്നേഹം വെളിപ്പെടുത്തുന്ന ഹൃദയം വിജയിച്ചിരിക്കുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ചുരുക്കത്തിൽഅദ്ദേഹത്തിന് ആ സ്നേഹത്തെ കുറിച്ച് ഉണ്ടായിരുന്ന അറിവ് മറ്റാർക്കും ഉണ്ടാകാൻ തരമില്ല. അതുതന്നെയാണ് അദ്ദേഹം പറഞ്ഞതും. ശിയാക്കൾ പരിധിവിട്ട് പോയതിന്റെ യാഥാർത്ഥ്യവും അദ്ദേഹം പറയുകയുണ്ടായി. സുന്നികൾക്ക് തെറ്റു പറ്റിയതു കണ്ടപ്പോൾ അവിടെയും അവരോട് അദ്ദേഹം തിരുത്താൻ പറഞ്ഞു: ഇതു തന്നെയാണ് നീതിമാനായ വിധികർത്താവിന്റെ കർത്തവ്യം. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പരത്താനും നടപ്പിൽ വരുത്താനും തന്നെയാണ് അല്ലാഹു അദ്ദേഹത്തെ അയച്ചത്. പക്ഷേ ഈ രണ്ട് വലിയ കക്ഷികളും അഹ്മദികളെ തന്നെ മോശമായി പറയുന്നു. എന്നാൽ നമുക്ക് മേൽ അർപ്പിക്കപെട്ടിരിക്കുന്ന കർത്തവ്യത്തെ ക്ഷമയും സ്ഥൈര്യവും മുഖേന നാം തുടർന്ന് കൊണ്ട് പോകണം. യഥാർഥ ഇസ്‌ലാമിനെ ലോകത്ത് പരത്തുന്നതിനുവേണ്ടിയാണ് നമ്മൾ ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന് ബയ്അത്ത് ചെയ്തത്. ഹദ്റത്ത് ഇമാം ഹുസയ്ൻ നമുക്ക് കാണിച്ചുതന്ന മാതൃക മുന്നിൽ വയ്ക്കുക.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇക്കാലത്ത് പ്രത്യേകിച്ചും, ഈ മാസത്തിലും ദുആകളിൽ ശക്തി ചെലുത്തുക. സ്വലാത്ത്ചൊല്ലുന്നതിൽ കൂടുതൽ ഊന്നൽ നൽകുക. നമ്മൾ എത്രമാത്രം അല്ലാഹുവിന്റെ സവിധത്തിൽ കുനിയുന്നുവോ അത്രയും വേഗം അല്ലാഹു നമുക്ക് വിജയം നൽകുന്നതാണ്. സഫലതയും ഉൽക്കർഷതയും നമുക്ക് ലഭ്യമാകുന്നതാണ്.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 28.08.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516